LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 11-1-2010-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത സമിതി നിലവിൽ വന്നത്.

(ബി&സി) കാലാകാലങ്ങളിൽ കമ്മിറ്റി കൂടുകയും ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ കയർവില പുതുക്കി നിശ്ചയിക്കുകയും ചെയ്യാറുണ്ട്. ഏറ്റവും ഒടുവിൽ 2-1-2014-ന് കൂടിയ കമ്മിറ്റിയിൽ വൈക്കം കയറിന്റെ 180 റണ്ണേജുള്ള കയറിന് 41 രൂപയായി വാങ്ങൽവില വർദ്ധിപ്പിച്ചു. അതേ ക്രമത്തിൽ മറ്റ് റണ്ണേജിലെ കയറിനും കിന്റലിന് 200 രൂപയുടെ വർദ്ധനവ് അനുവദിച്ചു.

കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

219 (7180) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(ബി) ഇവരുടെ പ്രതിമാസ വേതന വർദ്ധനവ് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) വേതന വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സ.ഉ.(കൈ) നമ്പർ.139/2012/വ്യവ തീയതി, 23-11-2012 പ്രകാരം കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന സേവന-വേതന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ് :

• ലാഭത്തിലോ നഷ്ടത്തിലോ പ്രവർത്തിക്കുന്ന സംഘങ്ങൾ എന്ന വേർതിരിവില്ലാതെയാണ് സേവന-വേതന വ്യവസ്ഥ പരിഷ്ക്കരിച്ചത്.

• കയർ മേഖലയിലെ എല്ലാ കാറ്റഗറിയിലേയും സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചത്.

• 31-12-2011-ൽ നിലവിലുണ്ടായിരുന്ന 94% ക്ഷാമബത്ത അടിസ്ഥാന വേതനത്തോടുകൂടി ലയിപ്പിച്ചു. 1-1-2012-ൽ ബാക്കിയുള്ള 12% ക്ഷാമബത്ത സംഘങ്ങളുടെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വ്യാപാര ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക്, സംഘം ഭരണ സമിതി സംഘങ്ങളുടെ സാമ്പത്തികവശം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് നൽകാവുന്നതാണ്.

• ഏതെങ്കിലും സ്കെയിലിൽ വാങ്ങുന്ന വേതനം ടി സ്കെയിലിന്റെ പരമാവധി എത്തുന്നു എങ്കിൽ തുടർന്നുവരുന്ന ഓരോ രണ്ട് വർഷവും കൂടുമ്പോൾ അവസാനം വാങ്ങിയ ഇൻക്രിമെന്റ് തുക സ്റ്റാഗ്നേഷൻ ഇൻക്രിമെന്റായി നൽകാവുന്നതാണ്.

വിവിധ സംഘങ്ങൾക്ക് പരമാവധി വീട്ടുവാടക (അടിസ്ഥാന ശമ്പളത്തിന്റെ 8%) അലവൻസ് താഴെപ്പറയും പ്രകാരമാണ് :

ചകിരി/കയർ സംഘങ്ങൾ - 400 രൂപ

മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ - 600 രൂപ

• എല്ലാ ജീവനക്കാർക്കും ഒരു വർഷം പരമാവധി 1500 രൂപ മെഡിക്കൽ അലവൻസ്.

• കണ്ണട അലവൻസ് (ആകെ സർവ്വീസിൽ ഒരിക്കൽ) 100 രൂപ.

• അവധി ശമ്പളം 30 ദിവസം

• ആർജ്ജിത അവധി 1/20 ദിവസം

• വനിതാജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ പ്രസവാവധിയ്ക്ക് അർഹതയുണ്ടായിരിക്കും.

• പരിഷ്കരണം നടപ്പിലാക്കിയതിനുശേഷം ഏതെങ്കിലും സ്കെയിലിൽ ഉയർന്ന വേതനം നിലനിൽക്കുന്നു എങ്കിൽ വ്യത്യാസം വരുന്ന തുക പേഴ്സണൽ പേ ആയി കണക്കുകൂട്ടി നലകാവുന്നതാണ്. ടി തുക എല്ലാ ആനുകൂല്യങ്ങൾക്കും പരിഗണിക്കും.

(ബി) സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് എല്ലാ പ്രോജക്ട് ഓഫീസർമാർക്കും നൽകുകയും സർക്കാർ ഉത്തരവ് പ്രകാരം സംഘങ്ങളെ ഉൽപ്പാദനത്തിന്റെ തോത് അനുസരിച്ച് വ്യത്യസ്ത കാറ്റഗറിയായി തിരിച്ച് അതാത് കാറ്റഗറിയിലുള്ള നിരക്കിൽ വേതനം നൽകുവാൻവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് സംഘങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകി വരുന്നു.

(സി) വിവിധതരം സംഘങ്ങളെ ഉൽപ്പാദനത്തിന്റെ തോത് അനുസരിച്ച് വ്യത്യസ്ത കാറ്റഗറിയിൽ നിശ്ചയിച്ചിട്ടുണ്ട്. ഇങ്ങനെ തിരിച്ചിട്ടുള്ള ഒരു കാറ്റഗറിയിലെ ഉൽപ്പാദനം മൂന്ന് വർഷം തുടർച്ചയായി വർദ്ധിച്ച് ഉയർന്ന

LIBRARY ARCHIVES Kerala Legislative Assembly

കാറ്റഗറിയിലേയ്ക്ക് (ഡി യിൽ നിന്നും സി യി ലേക്കും സിയിൽ നിന്നും ബിയിലേക്കും ബിയിൽനിന്നുംഎ യിലേക്കും) നിശ്ചയിച്ചിരിക്കുന്ന നിലയിൽ എത്തുന്നു എങ്കിൽ സംഘത്തെ ഉയർന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ടതും ജീവനക്കാർക്ക് പ്രസ്തുത കാറ്റഗറിയിലുള്ള നിരക്കിൽ വേതനം പുതുക്കി നൽകാവുന്നതുമാണ്. ഏതെങ്കിലും സംഘത്തിന്റെ ഉൽപ്പാദനം മൂന്ന് വർഷം തുടർച്ചയായി കുറഞ്ഞ് താഴ്ന്ന കാറ്റഗറിയിലേക്ക് (എയിൽ നിന്നും ബി യിലേക്കും ബിയിൽ നിന്നും സിയിലേക്കും സിയിൽ നിന്നും ഡിയിലേക്കും) കുറയുന്നു എങ്കിൽ ജീവനക്കാരുടെ വേതനവും താഴ്ന്ന കാറ്റഗറിയിൽ നിർണ്ണയിക്കുന്നതുമാണ്.

കയർ തൊഴിലാളികൾക്ക് ക്ഷേമനിധി

220 (7181) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രൂപീകരിച്ച സംഘങ്ങൾ എത്രയാണെന്നും അറിയിക്കാമോ ; പ്രസ്തുത സംഘങ്ങൾക്ക് നല്കിയ പ്രവർത്തന മൂലധനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത സംഘങ്ങളിൽ എത്ര തൊഴിലാളികൾ ജോലിചെയ്യുന്നു എന്നറിയിക്കുമോ ;

(സി) പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്രപേർക്ക് എന്നറിയിക്കുമോ ;

(ഡി) ക്ഷേമനിധിയിൽ അംഗത്വമില്ലാത്ത തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നൽകിയ തൊഴിൽദിനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കയർ മേഖലയിൽ 484 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 210 സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രൂപീകരിച്ച സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു വരുന്നതേയുള്ളൂ. ഇതിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുള്ള കായംകുളം കയർ പ്രോജക്ട് ഓഫീസിന് കീഴിലെ 2 സംഘങ്ങളിലായി 72 തൊഴിലാളികൾ ജോലി ചെയ്യുന്നു.

(സി) പ്രസ്തുത സംഘങ്ങളിലെ 87 തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly